Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2023/1515 (23) തീയതി : 13.07.2023

# സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പുകളുടേയും പ്രൊജക്ടറുകളുടെയും വാറണ്ടി ദീർഘിപ്പിക്കൽ - കേടുപാടുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ.(സാധാ) നം 165/ 2018/ പൊ.വി.വ. തീയതി 10.01.2018.
2. ഈ ഓഫീസിലെ 17.01.2018 ലേയും 19.01.2018 ലേയും KITE/ 2018/ 1515-6 (1), KITE/ 2018/ 1515-6 (3) നമ്പർ സർക്കുലറുകൾ.
3. ഈ ഓഫീസിലെ 01.04.2023 ലെ KITE/ 2023/ 1515-13 (1) നമ്പർ സർക്കുലർ.
4. Acer India Pvt. Ltd.ന്റെ 07.07.2023 ലെ ഇ-മെയിൽ.
5. BenQ India Pvt. Ltd. ന്റെ 13.07.2023 ലെ ഇ-മെയിൽ.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകളിൽ വാറണ്ടി പൂർത്തിയായവയ്ക്ക് 2023 ഏപ്രിൽ മുതൽ എ.എം.സി. ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ളതും എ.എം.സി.യിൽ ഉൾപ്പെടാത്തതുമായ **ലാപ്ടോപ്പുകൾക്ക് 2023 ഡിസംബർ 31 വരെ** വാറണ്ടി ദീർഘിപ്പിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്ത **Acer പ്രൊജക്ടറുകൾക്ക് 2023 ആഗസ്റ്റ് 31 വരെയും BenQ പ്രൊജക്ടറുകൾക്ക് 2023 ആഗസ്റ്റ് 15 വരെയും** വാറണ്ടി ദീർഘിപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം വിതരണം ചെയ്ത ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും ഏതെങ്കിലും തരത്തിലുള്ള പ്രവർത്തന തകരാറ് സംഭവിച്ചാൽ അത് പരിഹരിക്കുന്നതിന് സ്കൂളുകൾ യഥാസമയം പോർട്ടലിൽ (kite.kerala.gov.in/support) പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ് (പരാതി രേഖപ്പെടുത്തുന്നവിധം യൂസർ മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്). പരാതികൾ രേഖപ്പെടുത്തുമ്പോൾ സ്കൂളിന്റെ പൂർണ്ണമായ മേൽവിലാസം, പിൻകോഡ്, ഫോൺ നമ്പർ, ഇ-മെയിൽ, രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേര്, മൊബൈൽ ഫോൺ നമ്പർ എന്നിവ കൃത്യമായി നൽകേണ്ടതാണ്. പരാതി രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള പ്രയാസം നേരിട്ടാൽ കൈറ്റിന്റെ ടോൾഫ്രീ നമ്പർ (18004256200) ഉപയോഗിക്കേണ്ടതാണ്.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് മാത്രമാണ് ഈ പോർട്ടലും കോൾസെന്ററും ബാധകമാവുന്നത്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ)/ എ.ഡി (വി.എച്ച്.എസ്.ഇ)മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക് ഫയൽ